ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE : 03.05.2026**

## പ്രധാനവാർത്തകൾ

1. സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിൻറെ ജനവിധി നാളെ. വോട്ടെണ്ണൽ രാവിലെ 8 മണിക്ക് ആരംഭിക്കും. വിജയ പ്രതീക്ഷയിൽ മുന്നണികളും സ്ഥാനാർത്ഥികളും.

2. തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനത്തിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽകർ. മാതൃക പെരുമാറ്റ ചട്ടം ബുധനാഴ്ച വരെ തുടരും.

3. കേരളത്തിന് പുറമെ തമിഴ്നാട്, പശ്ചിമ ബംഗാൾ, അസം എന്നിവിടങ്ങളിലും പുതുച്ചേരിയിലും വോട്ടെണ്ണൽ നാളെ.

4. സംസ്ഥാനത്ത് മറ്റന്നാൾ വരെ ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യത. അഞ്ച് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദേശം.

5. പശ്ചിമേഷ്യൻ സംഘർഷം അവസാനിപ്പിക്കാൻ 14 ഇന നിർദേശങ്ങൾ മുന്നോട്ട് വെച്ച് ഇറാൻ. നിർദേശം പുനപരിശോധിക്കുമെന്ന് യു.എസ്.

RNU TVPM

6. ഐപിഎൽ ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദിനെതിരെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന് 166 റൺസ് വിജയലക്ഷ്യം.

&&&&&&&&&&&&&&&&&

## <u>തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനം</u>

ജനഹിതമറിയാൻ ഇനി മണിക്കൂറുകൾ മാത്രം. നിയമസഭാ തിരഞ്ഞെടുപ്പിലെ വോട്ടെടുപ്പ് കഴിഞ്ഞ് 24 ദിവസത്തെ കാത്തിരിപ്പിനും കണക്കു കൂട്ടലുകൾക്കുമാണ് നാളെ വിരാമമാകുന്നത്. നാളെ രാവിലെ 8 ന് വോട്ടെണ്ണൽ ആരംഭിക്കും. 140 മണ്ഡലങ്ങളിലെ വോട്ടെണ്ണൽ 43 ഇടങ്ങളിലായാണ് നടക്കുന്നത്. ഹാട്രിക്ക് വിജയപ്രതീക്ഷയുമായി എൽ ഡി എഫും ഭരണം തിരിച്ചുപിടിക്കുമെന്ന് ഉറപ്പിച്ച് യു ഡി എഫും നിയമസഭയിൽ മികച്ച സാന്നിധ്യമുണ്ടാവുമെന്ന് എൻ ഡി എ യും പ്രതീക്ഷയിലാണ്. കേരള രാഷ്ട്രീയത്തിൽ ഭരണമാറ്റമോ ഭരണ തുടർച്ചയോ അതോ പുതു ചരിത്രമോ എന്ന് നാളെ അറിയാം. കേരളത്തിന് പുറമെ പശ്ചിമ ബംഗാൾ, അസം, തമിഴ് നാട്, പുതുച്ചേരി എന്നിവിടങ്ങളിലെ വോട്ടെണ്ണലും നാളെയാണ്. പശ്ചിമ ബംഗാൾ 294, തമിഴ് നാട് 234, അസം 126, പുതുച്ചേരി 33 എന്നിങ്ങനെയാണ് ആകെ സീറ്റുകൾ.

RNU TVPM

&&&&&&&&&&&&&&&&&

## <u>തിരഞ്ഞെടുപ്പ് - കേരളം</u>

നിയമസഭാ തിരഞ്ഞെടുപ്പിൻറെ വോട്ടെണ്ണലിനായുള്ള എല്ലാ ഒരുക്കങ്ങളും സംസ്ഥാനത്ത് പൂർത്തിയായി. 43 വോട്ടെണ്ണൽ കേന്ദ്രങ്ങളിലെ അവസാന വട്ട ഒരുക്കങ്ങൾ ഉന്നത ഉദ്യോഗസ്ഥർ വിലയിരുത്തി. കനത്ത സുരക്ഷാ സംവിധാനങ്ങളാണ് വോട്ടെണ്ണൽ കേന്ദ്രങ്ങളിലും പരിസരങ്ങളിലും ഏർപ്പെടുത്തിയിട്ടുള്ളത്. നാളെ രാവിലെ ആറു മണിക്ക്

ഉദ്യോഗസ്ഥർ വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ എത്തി ചേരും. തെരഞ്ഞെടുപ്പു കമ്മീഷൻ പുതുതായി അവതരിപ്പിച്ച ക്യൂആർ കോഡ് പതിപ്പിച്ച ഫോട്ടോ തിരിച്ചറിയൽ കാർഡ് റിട്ടേണിങ് ഓഫിസർമാർ ഉൾപ്പെടെ എല്ലാവർക്കും നിർബന്ധമാക്കിയിട്ടുണ്ട്.

**&&&&&&&&&&&&&&&&&**

<u>വാർത്താസമ്മേളനം സി ഇ ഒ (ഇൻട്രോ)</u>

സംസ്ഥാനത്തെ ആകെ പോളിംഗ് സർവ്വീസ് വോട്ടർമാർ ഉൾപ്പെടെ 79.70 ശതമാനമാണെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. കേന്ദ്ര സേനയ്ക്ക് പുറമെ 32,301 പൊലീസ് ഉദ്യോഗസ്ഥരെയും സുരക്ഷയ്ക്കായി നിയോഗിച്ചിട്ടുണ്ട്. ഈ മാസം ആറാം തീയതി വരെ മാതൃകാ പെരുമാറ്റ ചട്ടം നിലനിൽക്കും. സർവ്വീസ് വോട്ടുകൾ സംബന്ധിച്ച് തപാൽ വകുപ്പിന് കൃത്യമായ നിർദേശങ്ങൾ നൽകിയിട്ടുണ്ടെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

(വോയിസ്)

RNUTVPM

**&&&&&&&&&&&&&&&&&**

<u>തപാൽ വോട്ട്</u>

ആദ്യം എണ്ണിത്തുടങ്ങുന്നത് തപാൽ വോട്ടുകളായിരിക്കും. ആദ്യ മണിക്കൂറുകളിൽ തന്നെ ഫലസൂചനകൾ ലഭിച്ചു തുടങ്ങും. വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന ബോർഡിൽ സ്ഥാനാർത്ഥികളുടെ പേരും ഏത് റൗണ്ടാണ് എന്നതും പ്രദർശിപ്പിക്കും. ഓരോ കൗണ്ടിങ് ടേബിളിനടുത്തും മൈക്രോ ഒബ്സർവർ ഉണ്ടായിരിക്കും. ഒരു റൗണ്ട് പൂർത്തിയാക്കുന്നതിന് ശരാശരി അഞ്ച് മുതൽ എട്ട് മിനിറ്റ് വരെ സമയം വരെയാണ് കണക്കാക്കുന്നത്.

&&&&&&&&&&&&&&&&&

<u>വോട്ടെണ്ണൽ-തിരുവനന്തപുരം(ഇൻട്രോ)</u>

തിരുവനന്തപുരം ജില്ലയിൽ വോട്ടണ്ണലിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. നാലാഞ്ചിറ മാർ ഇവാനിയോസ് വിദ്യാനഗറിലാണ് ജില്ലയിലെ വോട്ടെണ്ണൽ കേന്ദ്രങ്ങൾ സജ്ജീകരിച്ചിരിക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.....

(വോയിസ്)

&&&&&&&&&&&&&&&&&

<u>കോട്ടയം തിരഞ്ഞെടുപ്പ്</u>

നിയമസഭാ തെരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പ് ഉറപ്പു വരുത്തുന്നതിനായി കോട്ടയം ജില്ലയിൽ നാളെ ഡ്രൈ ഡേ പ്രഖ്യാപിച്ച് ജില്ലാ കളക്ടർ ഉത്തരവായി. വോട്ടെണ്ണൽ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ അവധി നൽകിയിട്ടുണ്ട്.

RNUTVPM

&&&&&&&&&&&&&&&&&

<u>തിരഞ്ഞെടുപ്പ്-മലപ്പുറം(ഇൻട്രോ)</u>

മലപ്പുറം ജില്ലയിലെ 16 മണ്ഡലങ്ങളിലേക്കുള്ള വോട്ടെണ്ണലിനായി 1,456 കൗണ്ടിങ് ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിട്ടുള്ളത്. ജില്ലയിൽ ഏഴ് ഇടങ്ങളിലായാണ് നാളെ വോട്ടെണ്ണൽ.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു.......

വോയിസ്)

&&&&&&&&&&&&&&&&&

**ആകാശവാണി വോട ട്ടെണ്ണൽ**

നിയമസഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ദിനത്തിൽ, ആധികാരികവും കൃത്യവുമായ വിവരങ്ങൾ തത്സമയം ശ്രോതാക്കളിലെത്തിക്കാൻ ആകാശവാണി വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. വോട്ടെണ്ണൽ ദിനമായ നാളെ, രാവിലെ 9 മണി മുതൽ രാത്രി 8.35 വരെ പതിവ് വാർത്താ പ്രക്ഷേപണത്തിന് പുറമേ ഓരോ മണിക്കൂർ ഇടവിട്ട് പ്രത്യേക വാർത്താ ബുള്ളറ്റിനുകളും തിരഞ്ഞെടുപ്പ് വിശകലന പരിപാടികളും ആകാശവാണി പ്രക്ഷേപണം ചെയ്യും.

**&&&&&&&&&&&&&&&&&**

**കാലാവസ്ഥ-കേരളം**

സംസ്ഥാനത്ത് വിവിധ ഇടങ്ങളിൽ മറ്റന്നാൾ വരെ ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അഞ്ച് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോട്ടയം ജില്ലകളിലാണ് മുന്നറിയിപ്പ്.

RNUTVPM

**&&&&&&&&&&&&&&&&&**

**ഐപിഎൽ**

ഐപിഎൽ ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദിനെതിരെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന് 166 റൺസ് വിജയലക്ഷ്യം. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ കൊൽക്കത്ത 14 ഓവറിൽ 1 വിക്കറ്റ് നഷ്ടത്തിൽ 129 റൺ എടുത്തിട്ടുണ്ട്. രാത്രി 7:30 ന് നടക്കുന്ന മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസ് - പഞ്ചാബ് കിംഗ്സുമായി ഏറ്റുമുട്ടും.

**&&&&&&&&&&&&&&&&&**

**ഇറാൻ- 14 പോയിന്റ് പ്ലാൻ**

ലെബനൻ ഉൾപ്പെടെ എല്ലാ മേഖലകളിലും യുദ്ധം അവസാനിപ്പിക്കുന്നത് ഉൾപ്പെടെയുള്ള 14 ഇന നിർദേശങ്ങൾ ഇറാൻ അമേരിക്കയ്ക്ക് സമർപ്പിച്ചു. യുദ്ധം അവസാനിപ്പിക്കുന്നതിന് മുൻഗണന നൽകിക്കൊണ്ട് പ്രശ്നങ്ങൾ 30 ദിവസത്തിനുള്ളിൽ പരിഹരിക്കണമെന്നും ഇറാൻ ആവശ്യപ്പെട്ടു. ശാശ്വതസമാധാനം ലക്ഷ്യമിട്ടാണ് ഈ നിർദ്ദേശമെന്ന് ഇറാൻ ഡെപ്യൂട്ടി വിദേശകാര്യ മന്ത്രി വ്യക്തമാക്കി. അതെസമയം, ഇറാന്റെ നിർദേശത്തിൽ അതൃപ്തി പ്രകടിപ്പിച്ച അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്, നിർദേശങ്ങൾ പുനഃ പരിശോധിക്കുമെന്ന് പ്രതികരിച്ചു.

&&&&&&&&&&&&&&&&&

**കവരത്തി ശുചീകരണം**

ലക്ഷദ്വീപിലെ കവരത്തിയിൽ ബി ആർ അംബേദ്കർ ഐ ടി ഐയിലെ വിദ്യാർത്ഥികളുടെ കൂട്ടായ്മയുടെ നേതൃത്വത്തിൽ ലഗൂൺ, ബീച്ച് ശുചീകരണ ക്യാമ്പെയ്ൻ സംഘടിപ്പിച്ചു. ലേബർ ആൻ്റ് എംപ്ലോയ്മെൻ്റ് വകുപ്പ് സെക്രട്ടറി സോമ ശേഖർ ക്യാമ്പെയ്ൻ ഉദ്ഘാടനം ചെയ്തു'

&&&&&&&&&&&&&&&&&

**കണ്ണൂർ- അപകടം**

കർണാടകയിലെ ഗുണ്ടൽപേട്ടിൽ കാർ ലോറിയുമായി കൂട്ടിയിടിച്ച് ഉണ്ടായ അപകടത്തിൽ കണ്ണൂർ സ്വദേശികളായ മൂന്നുപേർ മരിച്ചു. കണ്ണൂരിൽ നിന്ന് ഊട്ടിയിലേക്ക് വിനോദയാത്ര പോയ ഏഴംഗ സംഘമാണ് അപകടത്തിൽ പെട്ടത്. നാലുപേർക്ക് പരിക്കേറ്റു.

&&&&&&&&&&&&&&&&&

**പോലീസ് ഓഫീസർക്ക് ദാരുണാന്ത്യം.**

RNU TVPM

കണ്ണൂരിൽ വാഹനാപകടത്തിൽ പോലീസ് ഉദ്യോഗസ്ഥൻ മരിച്ചു. ചെറുവാഞ്ചേരിക്ക് സമീപം വൈദ്യുതത്തൂണിൽ ബൈക്ക് ഇടിച്ചായിരുന്നു അപകടം. കോഴിക്കോട് എആർ ക്യാമ്പിലെ ഷാമിൽ റഹ്മാനാണ് മരിച്ചത്.

&&&&&&&&&&&&&&&&&

## നീറ്റ് പരീക്ഷ

അഖിലേന്ത്യാ മെഡിക്കൽ ബിരുദ പ്രവേശന പരീക്ഷയായ - NEET ഇന്ന് നടന്നു. ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെയായിരുന്നു പരീക്ഷ. NEET പരീക്ഷയ്ക്ക് ദുബായിലും ഷാർജയിലും പരീക്ഷാ കേന്ദ്രങ്ങൾ ഒരുക്കിയിരുന്നു. ദുബായിലെ ഇന്ത്യൻ ഹൈസ്കൂളിലും, ഷാർജയിലെ ഇന്ത്യൻ സ്കൂളിലുമാണ് പരീക്ഷ നടന്നത്. ദുബായിലെ കോൺസുലേറ്റ് ജനറൽ ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിലായിരുന്നു പരീക്ഷ. മെഡിക്കൽ ബിരുദ കോഴ്സുകളിലെ പ്രവേശനം ലക്ഷ്യമിട്ട് നാഷണൽ ടെസ്റ്റിംഗ് ഏജൻസി 2019 മുതലാണ് NEET പരീക്ഷ നടത്തി വരുന്നത്.

PNU TVPM

&&&&&&&&&&&&&&&&&

## പഞ്ചായത്ത് രാജ്

പഞ്ചായത്ത് വികസന പദ്ധതികൾ തയ്യാറാക്കുന്നതിനെക്കുറിച്ച് കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം സംഘടിപ്പിക്കുന്ന രണ്ട് ദിവസത്തെ ദേശീയ ശിൽപശാലക്ക് നാളെ ന്യൂഡൽഹിയിൽ ആരംഭിക്കും. അടിസ്ഥാന തലത്തിൽ ഡാറ്റ അധിഷ്ഠിത ആസൂത്രണം ശക്തിപ്പെടുത്തുക എന്നതാണ് ശിൽപശാലയുടെ ലക്ഷ്യം.

&&&&&&&&&&&&&&&&&

**സോളാർ തൂക്കുവേലി - നിർമാണം**

കണ്ണൂർ അയ്യൻകുന്നിൽ കാട്ടാന ശല്യം തടയുന്നതിനായി സ്ഥാപിക്കുന്ന സോളാർ തൂക്കുവേലിയുടെ നിർമാണം ഈ മാസം 31-നുള്ളിൽ പൂർത്തിയാക്കും. തൊഴിലാളികളുടെ കുറവ് പരിഹരിക്കാൻ പ്രദേശവാസികളെ വേലി നിർമാണത്തിൽ പങ്കാളികളാക്കാനും ഉന്നതതല അവലോകയോഗം തീരുമാനിച്ചു.

&&&&&&&&&&&&&&&&&

**തൃശൂർ - മയക്കുമരുന്ന് പിടിച്ചു**

തൃശ്ശൂർ വാണിയമ്പാറയിൽ കാറിൽ കടത്തിയ 25 ഗ്രാം എംഡിഎംഎ യുമായി രണ്ട് പേരെ എക്സൈസ് ഇന്റലിജൻസ് വിഭാഗം പിടികൂടി. സംഭവവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സ്വദേശി ബിബിൻ രാജ്, കുരിയച്ചിറ സ്വദേശി ഷൈൻ ജോസ് എന്നിവരെ അറസ്റ്റ് ചെയ്തു.

RNU TVPM

&&&&&&&&&&&&&&&&&

**കൊട്ടിയൂർ വൈശാഖോത്സവം**

കൊട്ടിയൂർ വൈശാഖോത്സവം മെയ് 28-ന് നെയ്യാട്ടത്തോടെ ആരംഭിക്കും. വൈശാഖോത്സവത്തിന്റെ ചടങ്ങുകളും തീയതിയും നിശ്ചയിക്കുന്ന 'പ്രക്കൂഴം' ഇക്കരെ കൊട്ടിയൂരിൽ നടന്നു. മേയ് 23നാണ് അക്കരെ കൊട്ടിയൂരിലേക്ക് നീരെഴുന്നള്ളത്ത് നടക്കുക.

&&&&&&&&&&&&&&&&&

&&&&&&&&&&

&&&